## ജിവിഎച്ച്എസ്എസ് ഇരിയണ്ണി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കാസറഗോഡ്
2. സ്കൂൾ കോഡ് : 11025
3. സ്കൂളിന്റെ പേര് : ജിവിഎച്ച്എസ്എസ് ഇരിയണ്ണി
4. മേൽവിലാസം : ഇരിയണ്ണി പിഒ, മുളിയാർ(വഴി)
5. പിൻകോഡ് : 671542
6. ഫോൺ നമ്പർ : 04994251810
7. UDISE കോഡ് : 32010300615
7. ഇ-മെയിൽ അഡ്രസ് : 11025iriyanni@gmail.com
8. ഗ്രാമ പഞ്ചായത്ത് : മുളിയാർ
9. വിദ്യാഭ്യാസ ജില്ല : കാസറഗോഡ്
10. ഉപ ജില്ല : കാസറഗോഡ്
11. ബിആർസി : കാസറഗോഡ്
11. ക്ലാസുകൾ : 6-12
12. മാനേജ്മെന്റ് : ഗവൺമെന്റ്
13. പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

# GVHSS IRIYANNI

# ACADEMIC MASTER PLAN 2025-26

---

## ആമുഖം

### (i) Brief History

1951ൽ ചരിത്രത്തിന്റെ കർമ്മനിയോഗംപോല, ജനകീയസംഘബോധത്തിന് അനുഭവസാക്ഷ്യമായി പടുത്തുയർത്തപ്പെട്ട വിദ്യാലയമാണ് ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി. കരിച്ചേരി കണ്ണൻനായർ, ബി.വി. കുഞ്ഞമ്പു എന്നിവർ നേതൃത്വം കൊടുത്ത് പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമായി ആരംഭിച്ച് ക്രമേണ വളർന്ന്, 1957ലാണ് 10ാം ക്ലാസ്സ് വരെ എത്തുന്നത്.

1989–90 വർഷത്തിൽ വി.എച്ച്.എസ്.ഇ. വിഭാഗവും 2004ൽ ഹയർസെക്കണ്ടറി വിഭാഗവും പ്രവർത്തനം ആരംഭിച്ചു. അക്കാലത്ത് ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത ഈ മൂന്നു വിഭാഗത്തെയും നിരന്തരം ബുദ്ധിമുട്ടിച്ചിരുന്നു. എങ്കിലും എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് വിജയഗാഥയുമായി തലയുയർത്തി നിൽക്കുകയാണ് ഈ വിദ്യാലയം.

### (ii) ഭൂമിശാസ്ത്രവിവരണം (Geographical Description)

കാസറഗോഡ് പട്ടണത്തിൽ നിന്ന് 18 കിലോമീറ്റർ കിഴക്കുഭാഗത്തായി, ബോവിക്കാനും -കുറ്റിക്കോൽ ജില്ലാപാതയിൽ ബോവിക്കാനം ടൗണിൽ നിന്നും 3 കി.മി. ദൂരത്താണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, മുളിയാർ ഗ്രാമപഞ്ചായത്തിൽ 9ാം വാർഡിൽ ആണ് ഇതിന്റെ

സ്ഥാനം. റിസർവ്വ് വനങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രസ്തുത വിദ്യാലയം അതുകൊണ്ടുതന്നെ സദാ ശാന്തിദമായ പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നു.

### (iii) പ്രധാനനേട്ടങ്ങൾ (Major Achievements)

പാഠ്യ-പാഠ്യേതര മേഖലകളിൽ അതുല്യമായ മികവ് പുലർത്തുന്ന വിദ്യാലയം ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ്. തുടർച്ചയായി പത്താം വർഷവും എസ്എസ്എൽസി പരീക്ഷയിൽ നൂറ് ശതമാനം വിജയം കൊയ്യുകയും പടിപടിയായി വിജയത്തിന്റെ എ പ്ലസ് മാറ്റുയർത്തി, കഴിഞ്ഞ പരീക്ഷയിൽ അത് 49.4 % ആക്കി മാറ്റാനും സാധിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സംസ്ഥാന കലോത്സവത്തിൽ നാടകം, മലപ്പുലയാട്ടം, മിമിക്രി എന്നിവയിൽ എ ഗ്രേഡ് നേടിയതോടോപ്പം ഇവയിലെ പ്രകടനം പ്രേക്ഷകരുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ പിടിച്ചു പറ്റി എന്നുള്ളത് സ്കൂളിനും നാടിനും അഭിമാനമായി.

സംസ്ഥാന കായികമേളയിൽ പെൺകുട്ടികളുടെ കരാട്ടെ, ആൺകുട്ടികളുടെ തയ്ക്കോണ്ടോ എന്നിവയിൽ മെഡൽ കരസ്ഥമാക്കുവാൻ സാധിച്ചത് കായികരംഗത്തെ നേട്ടമായി. ആട്യ-പാട്യ, പെൺകുട്ടികളുടെ വോളിബോൾ തുടങ്ങിയ ഗെയിംസ് ഇനങ്ങളിലും ശ്രദ്ധേയമായ പ്രകടനങ്ങളുണ്ടായി.

വിവിധ ക്വിസ് മത്സരങ്ങളിൽ സംസ്ഥാന-ജില്ലാ തലങ്ങളിൽ നിറഞ്ഞുനിൽക്കാൻ ഇരിയണ്ണിക്ക് സാധിച്ചു.

എസ്പിസി, ജൂനിയർ റെഡ് ക്രോസ്, ഭാരതീയ സ്കൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് എന്നീ നാല് യൂണിറ്റുകൾ മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിൽ ഇവ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വിദ്യാരംഗം, സോഷ്യൽ സയൻസ്, സയൻസ്, പരിസ്ഥിതി, ഹെൽത്ത്, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, പ്രവൃത്തിപരിചയം, എനർജി, ടീനേജ് ക്ലബുകളുടെ പ്രവർത്തനവും കുട്ടികൾക്ക് വലിയ അവസരങ്ങളാണ് നൽകുന്നത്.

സ്കൂൾ റേഡിയോ സംവിധാനവും പരമാവധി കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള വേദിയായി മാറുന്നു.

ഏഴായിരത്തിൽപരം പുസ്തകങ്ങൾ അനുക്രമമായി വിന്യസിച്ചിരിക്കുന്ന സ്കൂൾ ലൈബ്രറിയും കുട്ടികളിലെ വായനാശീലത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'ഇത്തിരി നേരം, ഒത്തിരി വായന' എന്ന വായനാമുറിയും സർക്കാർ നിർദ്ദേശിക്കുന്ന 'വായനാവസന്തത്തെ' പ്രാവർത്തികമാക്കുന്നു.

പരീക്ഷണങ്ങൾ ശാസ്ത്രപഠനത്തിന്റെ അടിത്തറയാണ്. വൈവിധ്യമാർന്ന വിഷയങ്ങളിൽ പഠനവും പരീക്ഷണവും സുഗമമാക്കുന്നതിന് ഉപകരണങ്ങളും വസ്തുക്കളും സജ്ജീകരിച്ചിരിക്കുന്ന നവീകരിച്ച ശാസ്ത്രലാബ് ഇരിയണ്ണി സ്കൂളിന്റെ മറ്റൊരു പ്രത്യേകതയാണ്.

വിജ്ഞാനത്തിന്റെ അനന്തസാധ്യതകളെ വിരൽത്തുമ്പിലേക്കാവാഹിക്കുന്ന ആധുനികകാലത്തിന്റെ മാറ്റത്തിനൊപ്പം സഞ്ചരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുവാൻ പര്യാപ്തമാണ് സ്കൂൾ ഐടി ലാബ്. ലാബിൽ സജ്ജീകരിച്ചിരിക്കുന്ന ഇരുപതിൽപരം ലാപ് ടോപ്പുകളുടെ പ്രയോജനം യുപി കുട്ടികൾക്ക് കൂടി ലഭിക്കുന്നു.

പഠനപ്രക്രിയയിൽ ക്ലാസ് മുറികളുടെ പ്രാധാന്യം വളരെ വലുതാണ്. വൃത്തിയും വെളിച്ചവും വായുസഞ്ചാരവുമുള്ള ക്ലാസ് മുറികളിൽ ഫാൻ സൗകര്യം കൂടി ഒരുക്കിയിട്ടുണ്ട്. ഐസിടി സാധ്യതകളെ പൂർണമായി കുട്ടികളിലേക്ക് എത്തിച്ച് പഠനം അനായാസമാക്കുന്നതിനായി മുഴുൻ ഹൈസ്കൂൾ ക്ലാസ് മുറികളിലും പ്രൊജക്ടർ സംവിധാനവുമുണ്ട്.

## (IV) അക്കാദമിക പ്രവർത്തനങ്ങൾ

## 2024-25 വർഷത്തെ റിസൽട്ട് അവലോകനം

**1. യുഎസ്എസ് :** പതിനേഴ് കുട്ടികൾ പരീക്ഷ എഴുതിയതിൽ എട്ട്കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു.


**2. എൻഎംഎംഎസ് :** 76 കുട്ടികൾ പരീക്ഷ എഴുതിയതിൽ 66 കുട്ടികൾ ക്വാളിഫൈ ചെയ്യുകയും രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്തു.

**3. എസ്എസ്എൽസി:** 168 കുട്ടികൾ പരീക്ഷ എഴുതിയതിൽ മുഴുവൻ കുട്ടികളും വിജയിച്ച് തുടർച്ചയായ പത്താം വർഷവും നൂറ് ശതമാനം വിജയം കരസ്ഥമാക്കി. 83 കുട്ടികൾ

ക്ക് മുഴുവൻ വിഷയങ്ങളിൽ എ പ്ലസും 12 കുട്ടികൾക്ക് ഒൻപത് വിഷയങ്ങളിൽ എ പ്ലസും ലഭിച്ചു. ആർക്കും ഒരു വിഷയത്തിലും ഡി പ്ലസ് ഗ്രേഡ് ലഭിച്ചിട്ടില്ല എന്നുള്ളതും ശ്രദ്ധേയമായ നേട്ടമാണ്.

## എസ്എസ്എൽസി ഫലം 2025 ഒറ്റ നോട്ടത്തിൽ

| Sl No. | Subject | A+ | A | B+ | B | C+ | C | D+ | D | Total Students |
|---|---|---|---|---|---|---|---|---|---|---|
| 1 | Malayalam I | 155 | 8 | 4 | 1 | 0 | 0 | 0 | 0 | 168 |
| 2 | Malayalam II | 161 | 4 | 1 | 1 | 1 | 0 | 0 | 0 | 168 |
| 3 | ENGLISH | 106 | 23 | 19 | 11 | 5 | 4 | 0 | 0 | 168 |
| 4 | THIRD LANGUAGE | 129 | 15 | 12 | 9 | 3 | 0 | 0 | 0 | 168 |
| 5 | SOCIAL SCIENCE | 125 | 11 | 20 | 6 | 5 | 1 | 0 | 0 | 168 |
| 6 | PHYSICS | 114 | 22 | 17 | 8 | 7 | 0 | 0 | 0 | 168 |
| 7 | CHEMISTRY | 138 | 14 | 9 | 4 | 3 | 0 | 0 | 0 | 168 |
| 8 | BIOLOGY | 120 | 16 | 13 | 11 | 7 | 1 | 0 | 0 | 168 |
| 9 | MATHEMATICS | 104 | 16 | 10 | 15 | 15 | 8 | 0 | 0 | 168 |
| 10 | IT | 155 | 9 | 3 | 1 | 0 | 0 | 0 | 0 | 168 |



## (V) ഭൗതികസാഹചര്യങ്ങൾ ( Infrastructure )

ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ യുപി ക്ലാസ്സ് മുറികളുടെ നവീകരണം,കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിക്കുവാൻ സാധിച്ചു.മുളിയാർ പഞ്ചായത്തിന്റെ പദ്ധതിയിൽ UP കുട്ടികൾക്കായി ലഭിച്ച ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയും ബ്ലോക് പഞ്ചായത്തിന്റെ ധന സഹായത്തോടെ നിർമ്മിക്കുന്ന ടോയ്‌ലറ്റിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്.

ജില്ല പഞ്ചായത്ത് 20 ലക്ഷം രൂപാ ചിലവിൽ നിർമ്മിക്കുന്ന ഡൈനിങ് ഹാൾ നിർമ്മാണം നിലവിൽ പുരോഗമിച്ച് വരികയാണ്. സ്കൂൾ അസംബ്ലി ഹാളിനായി പണം അനുവദിക്കപ്പെട്ടെങ്കിലും ടെൻഡർ നടപടികൾ പൂർത്തിയാകാത്തതിനാൽ നാളിതുവരെയായി പണി ആരംഭിച്ചിട്ടില്ല. ജില്ല പഞ്ചായത്തിന്റെ ധന സഹായത്തോടെ സയൻസ് ലാബ് നവീകരിച്ചു. സ്കൂൾ ഹാൾ നവീകരണം നടക്കാത്തത് ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയായി നിലനിൽക്കുന്നു.

# ACADEMIC MASTER PLAN MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ വരുന്ന അക്ഷരങ്ങൾ വാക്കുകൾ, വാക്യങ്ങൾ എന്നിവ എഴുതിക്കൽ<br>4. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക ക്ലാസ് -സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിലൂന്നി<br>5. പദകേളി - കൂടിക്കുഴഞ്ഞവാക്കുകൾ തിരിച്ചറിഞ്ഞ് ശരിയായക്രമത്തിലെഴുതൽ - അക്ഷരങ്ങൾ ശരിയായ വിധത്തിൽ ക്രമീകരിച്ച് വാക്കുകളെഴുതൽ. | | അദ്ധ്യാപകർ | പുസ്തകങ്ങൾ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 ക്ലാസ്സ് ലൈബ്രറി രൂപീകരണം.<br>2.സ്കൂൾ ലൈബ്രറി ശാക്തീകരണം.<br>3. വായന മത്സരം സംഘടിപ്പിക്കൽ<br>4. പത്രവായന ( വിവിധ ഭാഷ) പ്രോത്സാഹിപ്പിക്കൽ<br>5. വായനാനുഭവം പങ്കുവയ്ക്കൽ<br>6. വായനക്കുറിപ്പ് - പതിപ്പ് തയ്യാറാക്കൽ<br>7. വിദ്യാരംഗം / ദിനാചരണങ്ങൾ / ബഡ്ഡിംഗ് റൈറ്റേഴ്സ് പ്രവർത്തനങ്ങൾ<br>8. പാഠ ഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഭാവാത്മക വായന - | | അദ്ധ്യാപകർ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ |

| | | | | |
|---|---|---|---|---|
| | ഓഡിയോ കേൾപ്പിക്കൽ | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ | 1 എഴുത്തുകൂട്ടം രൂപീകരിക്കൽ<br>2. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>3. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മിനി മാസിക തയ്യാറാക്കൽ<br>4. സാഹിത്യകാരന്മാരുടെ ആൽബം (ചിത്രം, അടിക്കുറിപ്പ്) എന്നിവയോടു കൂടി.<br>5. ഭാഷ പ്രോജക്ട് (മാതൃഭാഷയുടെ പ്രാധാന്യം - X -ാം ക്ലാസ്സിലെ കേരള പാഠാവലി ആദ്യ യൂണിറ്റുമായി ബന്ധപ്പെടുത്തി.<br>6. മൺ മറഞ്ഞുപോയ സാഹിത്യകാരന്മാരുടെ ലഘുവിവരണങ്ങൾ ( ഓരോ മാസവും ഉൾപ്പെടുത്തി) തയ്യാറാക്കൽ. | | അദ്ധ്യാപകർ | ലൈബ്രറി പുസ്തകങ്ങൾ,<br>സാഹിത്യകാരൻമാരുടെ ഫോട്ടോകൾ |
| സദസ്സിനെ അഭിമുഖീകരിക്കൽ | 1 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കിക്കൽ<br>2. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കിക്കൊടുക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കൽ | | അദ്ധ്യാപകർ | പുസ്തകങ്ങൾ<br>ഓഡിയോ,<br>വീഡിയോ |
| ഭാഷാ അസംബ്ലി | മലയാളം ഇംഗ്ലീഷ് ,ഹിന്ദി ഭാഷകളിൽ അസംബ്ലി അവതരിപ്പിക്കൽ (ഇംഗ്ലീഷ് , ഹിന്ദി മലയാളം) ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ | | അദ്ധ്യാപകർ | |

## ACADEMIC MASTER PLAN [2025-'26] ENGLISH

## UP, HS

| GOALS | ACTIVITIES | TIME | CONVENORS | FINANCE |
|---|---|---|---|---|
| To equip learners to communicate effectively and confidently in English. | Spoken English class.<br>English Library Renovation.<br>English Corner story time.<br>English Cartoon Exhibition.<br>English Assembly. | Working days on Saturdays. | PTA, Teachers | PTA, School mgt |
| Creating opportunities for English innovations. | Role play, English day celebrations<br>Films and Documentary- Some scenes of English films are exhibited for preparing profile and script.<br><br>Staging of choreographed poems of famous English poets and of English traditional folk songs. | Academic year<br>Included in classroom activities.<br>English Fest | English Dept | English club, PTA, SRG, School mgt. |
| Preparing learners to read and write independently | School English Voice<br><br>Letter card, Vocabulary- building cards.<br><br>Picture Description, Short story building, Public Speaking, Simple Games, English newspaper reading, My Diary, Assembly News Reading. | On Fridays<br><br>Included in classroom activities | English club members, English Dept<br><br>English teachers | PTA |
| Dramatization | English Assembly, Skit, Puppet Show presentation prepared from textual activities. | English Fest<br>Workshop | English Club | PTA<br>Parents<br>School mgt |
| Enabling learners for poem | Opportunity to listen to the English Radio. | Included in | Teachers | English Club |

| | | | | |
|---|---|---|---|---|
| recitation and writing/ creating poems | Poem writing, recitation competitions to be conducted.<br>Preparing appreciations of poems.<br><br>English Magazine preparation. | classroom activities<br><br>Once in an year. | PTA, SRG<br><br>English Dept | <br><br>Parents |
| Inclusion of IT in English language development. | Watching and preparation of podcast videos.<br><br>Online conversation Meet between inter-state English learning students. | English Fest<br><br>Working days on Saturdays | English Dept | PTA, SRG<br><br>PTA, School mgt |
| Creation of English learning environment | English Fest<br>Exhibition of English films related to textual chapters. | English Fest | English Dept<br>English Club | PTA, SRG,<br>School mgt. |

# अकादमिक मास्टर प्लान
# हिंदी 2025 - 26

**विद्यायालय की खूबियां**

- **पढ़ने का अच्छा माहौल**
- **हिंदी मंच**
- **पुस्तकालय**
- **स्मार्ट रूम**
- **कक्षा कार्य**

| महीना | गतिविधियां |
|---|---|
| **जून 5**<br>**पर्यावरण दिवस** | * पेड़-पौधों का वितरण, पोस्टर |
| **जून 19**<br>**वाचन दिवस** | * वाचन कार्ड बनाना,<br>*अक्षर पेड़ बनाना |
| **जून 26**<br>**लोक नशा दिवस** | * नशा विरुद्ध नारे बनाना<br>* जुलूस<br>* भाषण<br>* रील बनाना |
| **जुलाई 31**<br>**प्रेमचंद जयंती** | * पेंसिल ड्राइंग<br>* कहानी सुनने का अवसर<br>*प्रश्नोत्तरी प्रतियोगिता(प्रेमचंद) |

| | |
|---|---|
| **अगस्त 15** | * पोस्टर |
| **स्वतंत्रत दिन** | * देशभक्ति गीत |
| **सितंबर 5** | |
| **अध्यापक दिन** | * बच्चों का अध्यापन |
| | * गुलाब वितरण ( अध्यापक केलिए ) |
| | * टिप्पणी लेखन |
| **सितंबर 14** | |
| हिंदी दिवस | * स्कूल सभा |
| | * कवितालापन प्रतियोगिता |
| | * नाटक |
| **अक्तूबर 02** | |
| **गाँधीजयंती** | * स्वच्छ पर्यावरण |
| | * कूड़ेदान बनाना |
| | * भाषण |
| | * वीडियो प्रदर्शन (गांधीजी) |
| **नवंबर 1** | |
| **केरला का जन्मदिन दिन** | * केरल संबंधित गीत सुनाना |
| | * चित्र रचना (नक़्शे) |
| **नवंबर 14** | |
| **बालदिवस** | * नेहरू टोपी निर्माण |
| | * पोस्टर |
| | * जुलूस |
| | * क्रिस्तुमस कार्ड बनाना |
| **जनवरी 1** | |
| **नया साल** | * नए साल की संदेश कार्ड बनाना |
| **जनवरी 26** | |
| **गणतंत्र दिवस** | * स्वतंत्रत सेनानियों का स्मरण |
| | * भारत के संविधान के बारे में जानकारी |

# ACADEMIC MASTER PLAN MATHEMATICS (UP, HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രിടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ചതുഷ്ക്രിയകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് മാത് സ് ക്ലീനിക്ക് (കുട്ടി അധ്യാപകർ ) | ജൂൺ-ജൂലൈ | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേർസ് ഗ്രാന്റ് |
| 2. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ഗണിത പാർക്ക്, ദ്വിമാന രൂപങ്ങൾ, ത്രിമാന രൂപങ്ങൾ | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ , ഗണിത ക്ലബ് | പിടിഎ |
| 3. ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ, സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗണിതം | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ , ജിയോജിബ്ര , ആശയങ്ങൾക്കനുയോജ്യമായ പഠനോപകരണങ്ങൾ കുട്ടികൾ തയ്യാറാക്കൽ | അക്കാദമിക വർഷം | ഗണിത അധ്യാപകർ. കുട്ടികൾ | പിടിഎ |

| | | | | |
|---|---|---|---|---|
| 4. സംഖ്യകൾ. ഉത്ഭവം, വളർച്ച, തുടർച്ച, ബീജഗണിതം | ഗണിതസ്കിറ്റ് / ഗണിതസംവാദം / ഗണിത അസംബ്ലി ഇവയിലൂടെ ഗണിത (സംഖ്യാ ) ബോധം മെച്ചപ്പെടുത്തൽ | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ. കുട്ടികൾ | പിടിഎ |
| 5. ഗണിത മത്സര വേദിയിലേക്ക്; മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ ,മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ, ഗണിത ശില്പശാല | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ | ഗണിത ക്ലബ് മാനേജ്മെന്റ് |
| 6. ഗണിതത്തിൽ പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തൽ | ഗണിത ക്വിസ് സംഘടിപ്പിക്കൽ | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ | പിടിഎ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാല | തുടർ പ്രവർത്തനം | അധ്യാപകർ | പിടിഎ |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**മേഖല:UP , HS**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **കുട്ടികളിൽ ചരിതവബോധം വളർത്തിയെടുക്കുകയും അത് വഴി ചരിത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കുകയും ചെയ്യുക** . | **<u>സഞ്ചാരം</u> :ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു പൊവ്വൽ കോട്ട,ചന്ദ്രഗിരി കോട്ട,ബേക്കൽ കോട്ട, st ആഞ്ചലോസ് കോട്ട etc [ജില്ലയ്ക്ക് അകത്തും പുറത്തും ]വിവിധ ക്ഷേത്രങ്ങൾ, പള്ളികൾ** | **അക്കാദമിക വർഷത്തിൽ നിശ്ചിത തീയ്യതികളിലായി ഏകദിന ട്രിപ്പുകൾ .** | **സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ .** | **രക്ഷിതാക്കൾ,PTA** |

| | | | | |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ജനാധിപധ്യ ബോധം,പൗരബോധ ം, ഗവൺമെന്റിന്റെ ഘടന, പ്രവർത്തന രീതികൾ എന്നിവ മനസ്സിലാക്കുവാൻ കുട്ടികളെ സഹായിക്കുന്നു | **നമ്മൾ നമ്മൾക്ക് വേണ്ടി** :സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ് ,സംവാദ സദസ്സുകൾ ,ലോക പാർലമെന്റ് എന്നിവ സംഘടിപ്പിക്കൽ | അക്കാദമിക വർഷത്തിൽ വിവിധ പാഠഭാഗാവതരണവു മായി ബന്ധപ്പെടുത്തി. | സാമൂഹ്യ ശാസ്ത്ര ക്ലബ് ,സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ------ |
| സാമൂഹ്യ ശാസ്ത്ര നിർമ്മിതിയിലധിഷ്ഠി തമായ പഠന പ്രക്രിയയിലൂടെ പ്രയോഗവത്ക്കരണം | **നാടിനൊപ്പം നാട്ടാർക്കൊപ്പം:** സമൂഹത്തിലെ വിവിധങ്ങളായ സാമൂഹ്യ പ്രശ്നങ്ങളെ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിനാവശ്യമ ായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക .വിത്ത് പേന ,ബോധവൽക്കരണ സദസ്സ് ,എന്നിവ സംഘടിപ്പിക്കുക | അക്കാദമിക വർഷത്തിലും തുടർന്നും . | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ ,സന്ന ദ്ധ സംഘടനകൾ. | ------ |

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൽ നിരീക്ഷണ പരീക്ഷണങ്ങൾ | <u>കണ്ടും കേട്ടും</u> -സാമൂഹ്യ ശാസ്ത്ര പഠന പ്രക്രിയയുടെ ഭാഗമായി ലാഭമായ വിവിധ പടനാനുഭവങ്ങളിലൂടെ നേർസാക്ഷ്യങ്ങളെ പരിചയപ്പെടൽ<br>വെതർ സ്റ്റേഷൻ ,സ്കൈ ലാബ് ,കോടതി സന്ദർശനം ,വ്യവസായ ശാലകൾ സന്ദർശിക്കൽ | വിവിധ പാഠങ്ങൾ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ അനുബന്ധമായി | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | PTA ,രക്ഷിതാക്കൾ |
| കുട്ടികളിൽ നിയമത്തെ കുറിച്ചും നിയമം പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുക | സെമിനാർ , സംവാദങ്ങൾ ,ദിനാചരണങ്ങൾ ,ബോധവൽക്കരണ സദസ്സ് ,എന്നിവ സംഘടിപ്പിക്കുക<br>eg :Leagal Class [നിയമദിനം]<br>Consumer Awarness [Consumer day ]ഭരണഘടനയെ അറിയാൻ [റിപ്പബ്ലിക് ദിനം ] | ദിനാചരണങ്ങളുടെ ഭാഗമായി | Leagal Service Authority ,Leagal Metrology De pt ,Lawyers ,Exercise Dept ,MotorVehicle Dept | PTA |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഭൂപട വായന വളർത്തുക ,സ്ഥല നിർണ്ണയം,സ്ഥാനനിർണ്ണയം എന്നിവ കണ്ടെത്താൻ സഹായിക്കുക | <u>ഗാമ വന്ന വഴികളിലൂടെ-</u> ഭൂപടം,തോത് ,ദിശ, കോമ്പസ് ,സർവ്വേ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുന്നതിനായുള്ള ലാബുകൾ സജ്ജമാക്കുക. | പഠന പ്രവർത്തങ്ങളുടെ അനുബന്ധമായി | സാമൂഹ്യ ശാസ്ത്ര അന്യപകർ ,റവന്യു അധികാരികൾ | -------- |
| വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെ കുറിച്ച് ധാരണ ഉളവാക്കാൻ | <u>അങ്ങാടിക്കൊപ്പം</u> - പ്രദാനം ,ചോദനം, വില, സന്തുലിത വില, എന്നിവ മനസ്സിലാക്കുവാൻ ആവശ്യമായ കമ്പോള വിളവിവര പട്ടിക തയ്യാറാക്കൽ ,വിൽപ്പന കേന്ദ്രങ്ങൾ[സ്റ്റാളുകൾ] ആരംഭിക്കൽ | ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്ന കേന്ദ്രങ്ങൾ [W E -ന്റെ ഭാഗമായി ലോഷൻ, സോപ്പ് etc ] | വിവിധ ക്ലബ്ബ്കൾ | PTA |

| | | | | |
|---|---|---|---|---|
| കുട്ടികളെ പൊതുവിജ്ഞാനത്തിൽ | <u>YES QUIZ ME</u> - ദിനപത്രങ്ങൾ ,ആനുകാലിക | പ്രതിദിനം | സാമൂഹ്യ ശാസ്ത്ര ക്ലബ് | സ്കൂൾ റേഡിയോ |

| | | | | |
|---|---|---|---|---|
| **തല്പരരാക്കുവാൻ** | **ങ്ങൾ, എന്നിവയിൽ വരുന്ന സംഭവങ്ങൾ ,വാർത്തകൾ , എന്നിവയെ അടിസ്ഥാനമാക്കി പ്രതിദിനം 10 ചോദ്യങ്ങൾ ചോദിക്കുക.സ്കൂൾ റേഡിയോ വഴി** | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം.

ഉപമേഖല: ആരോഗ്യം കായിക വിദ്യാഭ്യാസം

പ്രവർത്തനം 1

| | | |
|---|---|---|
| പ്രവർത്തനത്തിന്റെ പേര് | : | ആരോഗ്യ :കായിക, ക്ഷമത,പരിശോധന ,ജീവിതശൈലി |
| പ്രവർത്തനത്തിന്റെ ലക്ഷ്യം | | ആരോഗ്യപരമായും,കായികപരമായും ശരിരത്തെ മെച്ചപ്പെടുത്തുന്നം നിലനിർത്താനുമായി ജീവിതശൈലിയിൽ, മാറ്റങ്ങൾ വരുത്താനം കായിക പ്രവർത്തനങ്ങൾ ഏർപ്പെടാനും കുട്ടികളെ ബോധവൽക്കരിക്കുക |
| പ്രവർത്തനം /വിശദീകരണം | | • BMI പരിശോധന<br>• പൾസ് പരിശോധന<br>• മഴക്കാല ശുചീകരണം<br>• ജീവിതശൈലി രോഗങ്ങളെ കുറിച്ച് ധാരണ നൽകുക<br>• ആരോഗ്യ സംബന്ധമായ ക്ഷമത പരിശോധന<br>• ആരോഗ്യ കായിക ക്ഷമത പരിശീലനം കൊടുക്കുക |
| കാലയളവ് | | ജൂൺ-ഓഗസ്റ്റ് |
| ചുമതല | | കായിക വകുപ്പ് |
| സാമ്പത്തികം | | പിടിഎ |

പ്രവർത്തനം

| | | |
|---|---|---|
| പ്രവർത്തനത്തിന്റെ പേര് | | മികവിലേക്കൊരു കുതിപ്പ് |
| പ്രവർത്തനത്തിന്റെ ലക്ഷ്യം | | കുട്ടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സബ്ജില്ലാ ജില്ലാ സംസ്ഥാന കായിക മത്സരങ്ങളിൽ<br>മികച്ച പ്രകടനം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക |
| പ്രവർത്തനം വിശദീകരണം | | ക്ലാസിൽ തന്നെ ഹൗസുകളായി തിരിച്ച് ഒരോ കാറ്റഗറിയിലും ഒരോ ലീഡർ മാരെ വീതം നൽകി കായിക മേള നല്ല രീതിയിൽ നടത്താൻ വേണ്ട ക്രമീകരണം നൽകുക |
| കാലയളവ് | | September _ December |
| ചുമതല | | സ്കൂൾ തല സമിതി കായിക വിഭാഗ |
| സാമ്പത്തികം | | പിടിഎ |

പ്രവർത്തനം 3

| | | |
|---|---|---|
| പ്രവർത്തനത്തിന്റെ പേര് | പ്രഥമ ശുശ്രൂഷ , റോഡ് സുരക്ഷ | |
| പ്രവർത്തനത്തിന്റെ ലക്ഷ്യം | ദൈനംദിന ജീവിതത്തിലും കായിക പ്രവർത്തനങ്ങളിൽ സംഭവിക്കാവുന്ന അത്യാഹിതങ്ങളെ കുറിച്ചും പ്രഥമ ശുശ്രൂഷയെ കുറിച്ചും അറിവ് നൽകുക | |
| പ്രവർത്തനം വിശദീകരണം ആത്മവി | • പ്രഥമ ശുശ്രൂഷയെ കുറിച്ചുംsports injuries,sports medicine specialist ഉപയോഗിച്ച് ക്ലാസ്സ നടത്തുക<br>• മോട്ടോർ വകപ്പിന്റെ സഹായത്തോടെ റോഡ് സുരക്ഷാ ക്ലാസ്സ് സംഘടിപ്പിക്കുക | |
| കാലയളവ് | December - January | |
| ചുമതല | കായിക വിഭാഗം വിവിധ ക്ലബുകൾ | |
| സാമ്പത്തികം | പിടിഎ | |

പ്രവർത്തനം 4

| | | |
|---|---|---|
| പ്രവർത്തനത്തിന്റെ പേര് | Aerobic,yoga karate ക്ലാസ്സുകൾ വിജയോത്സവം | |
| പ്രവർത്തനത്തിന്റെ ലക്ഷ്യം | • സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും സമ്മർദ്ദം, പിരിമുറുക്കം എന്നിവ കുറക്കുന്നതിനും<br>• വിവിധ തലങ്ങളിൽ വിജയികളായവർക്ക് അല്ലാത്തവർ ആത്മവിശ്വാസം വർധിപ്പിക്കുക പിന്തുണ ഉറപ്പാക്കുക | |
| പ്രവർത്തം വിശദീകരണം | ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനുംസമ്മർദ്ദം പിരിമുറുക്കംഎന്നിവ കുറക്കുന്നതിനുംഏറോബിക്സ് | |

| | | |
|---|---|---|
| | യോഗഎന്നിവ ചെയ്യുക സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുനകരാട്ട ക്ലാസുകൾ സംഘടിപ്പിക്കുക സബ്ജില്ലാ ജില്ല സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തവർക്ക് അനുമോദനം നൽകുക | |
| കാലയളവ് | ഫെബ്രുവരി മാർച്ച് | |
| ചുമതല | സ്കൂൾ വികസന സമിതി,പിടിഎ | |
| സാമ്പത്തികം | പിടിഎ, സ്പോൺസർ | |

# ACADEMIC MASTER PLAN SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **നേരറിവുകൾ**<br>ശാസ്ത്രകൗതുകം, ശാസ്ത്രാഭിമുഖ്യം, നിരീക്ഷണ പാടവം ഇവ വളർത്തുക | പാഠഭാഗത്തിലെ സാധ്യമായ എല്ലാ പരീക്ഷണങ്ങളും ലാബിൽ ചെയ്തു കാണിക്കുന്നു.<br><br>ലഘു പരീക്ഷണങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട മോഡൽ, വസ്തുക്കൾ ഇവ പ്രദർശിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| **ശാസ്ത്ര പ്രദർശനങ്ങൾ**<br>പാഠഭാഗങ്ങളിലൂടെയും അല്ലാതെയും ഒക്കെ കുട്ടികൾ സ്വായത്തമാക്കിയ ശാസ്ത്ര അറിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു. മികച്ചവ പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br><br>സ്കൂൾ തല ശാസ്ത്ര പ്രദർശനം നടത്തുന്നു | അക്കാദമിക വർഷത്തിൽ 1 തവണ | സയൻസ് അധ്യാപകർ | |
| **ശാസ്ത്രവായന**<br>ശാസ്ത്രമാസികകൾ, ഡിജിറ്റൽ വായന പ്രോത്സാഹിപ്പിക്കുന്നു | ക്ലാസ് ലൈബ്രറിയിൽ ശാസ്ത്ര പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു.<br><br>ശാസ്ത്ര മാസികകൾ ശേഖരിച്ച് വായിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര പ്രാധാന്യമുള്ള പത്രവാർത്തകൾ മുതലായവ ഫയൽ ചെയ്യുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| **ശാസ്ത്രം- ICT യിലൂടെ**<br>ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ | ക്ലാസ് മുറികളിൽ പരീക്ഷണ സാധ്യമല്ലാത്ത ശാസ്ത്ര ആശയങ്ങൾ ICT സഹായത്തോടെ കുട്ടികളിൽ എത്തിക്കുന്നു. ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ ഇവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സഹായത്താൽ ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക | | | | |
| **അവസരങ്ങൾ**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട മത്സരങ്ങൾക്ക് ഉയർന്ന തലങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | സെമിനാർ , ശാസ്ത്ര പ്രദർശനങ്ങൾ ഇവയിൽ കുട്ടികളെ ഉയർന്ന തലങ്ങളിൽ പങ്കെടുപ്പിക്കുന്നു<br><br>YIP, Inspire തുടങ്ങിയവയിൽ പരമാവധി കുട്ടികളെ കണ്ടെത്തി അവസരം നൽകുന്നു | അക്കാദമിക വർഷത്തിൽ 1 തവണ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |
| **ശാസ്ത്രമൂല - ശാസ്ത്ര ബോർഡ്**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്ലാസ് തലത്തിൽ പ്രദർശിപ്പിക്കാനും മനസിലാക്കാനും കുട്ടികൾക്ക് അവസരം നൽകുന്നു | ശാസ്ത്ര മോഡലുകൾ ഉണ്ടാക്കാൻ തൽപരരായ കുട്ടികൾക്ക് അവരുടെ ഉൽപന്നങ്ങൾ ക്ലാസ് തലത്തിൽ ഒരുക്കാൻ സാധിക്കുന്നു<br><br>ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ ഇവ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| **ശാസ്ത്ര ദിനങ്ങൾ**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ഉചിതമായി ആചരിക്കുന്നു | ദിനവുമായി ബന്ധപ്പെട്ട ക്വിസ്, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു<br><br>പ്രത്യേക അസംബ്ലി നടത്തുന്നു, റേഡിയോ പരിപാടി ദിനത്തിന്റെ പ്രാധാന്യം കൂടി ഉൾക്കൊള്ളിച്ച് നടത്തുന്നു<br><br>ശാസ്ത്രജ്ഞരെയും ശാസ്ത്ര പുസ്തകങ്ങളെയും റേഡിയോയിലൂടെ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |



# ജി.വി.എച്ച്.എസ്.എസ്. ഇരിയണ്ണി

GVHSS IRIYANNI
Together We Achieve

## അക്കാദമിക കലണ്ടർ 2025-26

### 2025 ജൂൺ

| | |
|---|---|
| 2 തിങ്കൾ | – സ്കൂൾ പ്രവേശനോത്സവം |
| | എസ്.ആർ.ജി/സ്റ്റാഫ് കൗൺസിൽ യോഗം |
| | ഉച്ചഭക്ഷണ പദ്ധതി ഉദ്ഘാടനം |
| | പാഠപുസ്തക വിതരണം |
| 3 ചൊവ്വ | – വിവിധ ക്ലബ്ബുകളുടെ രൂപീകരണം |
| | താത്കാലിക സ്കൂൾ പാർലമെന്റ് രൂപീകരണം |
| | അക്കാദമിക കലണ്ടർ പ്രകാശനം |
| | മയക്കുമരുന്ന് ലഹരി ഉപയോഗത്തിനെതിരെയുള്ള |
| | ബോധവത്കരണ സദസ്സ് |
| 4 ബുധൻ | – ക്ലാസ്സ്തല കൊളാഷ് മത്സരം (ലഹരിവിരുദ്ധ ക്യാമ്പയിൻ) |
| | സ്കൂൾ റേഡിയോ പ്രക്ഷേപണം ക്യാമ്പയിൻ |
| | ട്രാഫിക് ബോധവത്കരണ ക്ലാസ്സ് |
| 5 വ്യാഴം | – ലോക പരിസ്ഥിതി ദിനാചരണം |
| | പ്രത്യേക അസംബ്ലി |
| | തൈ നടൽ |
| | പരിസ്ഥിതി പ്രവർത്തകരെ ആദരിക്കൽ – ബോധവത്കരണ ക്ലാസ്സ് |
| | പരിസര ശുചീകരണം |
| | പെൺകുട്ടികൾക്കുള്ള ആരോഗ്യ ക്ലാസ്സ് |
| 9 – തിങ്കൾ | – പോസ്റ്റർ രചനാമത്സരം |
| | ട്രാഫിക് ബോധവത്കരണം |
| | എസ്.പി.സി, സ്കൗട്ട് & ഗൈഡ്സ്, |
| | ലിറ്റിൽ കൈറ്റ്, ജെ.ആർ.സി തുടങ്ങിയ |
| | യൂണിറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ അപേക്ഷ ക്ഷണിക്കൽ |
| | ക്യു.ഐ.പി. ക്ലാസ്സുകളുടെ ആരംഭം |
| | പ്രതിവാര എസ്.ആർ.ജി. യോഗം |
| | ആരോഗ്യം – വ്യായാമം – കാര്യക്ഷമത – ബോധവത്കരണ ക്ലാസ്സ് |
| 10 ചൊവ്വ | – ആറാം പ്രവർത്തിദിന കണക്കെടുപ്പ് |
| | ബോധവത്കരണ ക്ലാസ്സ് |
| | ഡിജിറ്റൽ അച്ചടക്കം |
| 11 ബുധൻ | – ബോധവത്കരണ ക്ലാസ്സ് (ഡിജിറ്റൽ അച്ചടക്കം) |
| 12 വ്യാഴം | – പ്രത്യേക അസംബ്ലി |
| | ലോക ബാലവേല വിരുദ്ധദിനം – ബോധവത്കരണ ക്ലാസ്സ് |
| | റാഗിംഗ്, വൈകാരിക നിയന്ത്രണമില്ലായ്മ, |
| | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13 വെള്ളി | – സ്കിറ്റ് അവതരണം – വിഷയം: പൊതുമുതൽ സംരക്ഷണം |
| | പൊതു ക്രോഡീകരണം – ബോധവത്കരണ ക്ലാസ്സുകൾ |
| 18 ബുധൻ | – ക്ലാസ് പി.ടി.എ (10 – ാം ക്ലാസ്) |
| | പ്രതിവാര എസ്.ആർ.ജി. യോഗം |
| 19 വ്യാഴം | – വായനാദിനാഘോഷം |
| | വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം |
| | പി.ടി.എ. എക്സിക്യൂട്ടീവ് യോഗം |
| | വിദ്യാരംഗം സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ |
| | വായനാവാരാഘോഷം |
| | അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം |
| 20 വെള്ളി | – പി.എൻ.പണിക്കർ അനുസ്മരണം |
| 21 ശനി | – അന്താരാഷ്ട്ര യോഗാദിനം |
| | പ്രത്യേക അസംബ്ലി |
| | വായനമൂല ഒരുക്കൽ |
| 23 തിങ്കൾ | – അമ്മവായന |
| | പുസ്തക പരിചയം |
| 24 ചൊവ്വ | – അക്ഷരവൃക്ഷം തയ്യാറാക്കൽ |
| | ക്ലാസ് ലൈബ്രറി പ്രവർത്തനാരംഭം |
| 25 ബുധൻ | – യൂണിറ്റ് ടെസ്റ്റ് ആരംഭം |
| | എൻ.എം.എം.എസ്., യു.എസ്.എസ്. പരീക്ഷാ പരിശീലനം ആരംഭം |
| 26 വ്യാഴം | – പ്രത്യേക അസംബ്ലി |
| | ലഹരിവിരുദ്ധ ദിനാചരണം |
| 30 തിങ്കൾ | – വിജയോത്സവം |

### ജുലായ് 2025

| | |
|---|---|
| 1 ചൊവ്വ | – ഡോക്ടേഴ്സ് ദിനാചരണം |
| | വനമഹോത്സവദിനം |
| | ഉപന്യാസരചന, പ്രസംഗം, ക്വിസ് മത്സരങ്ങൾ |
| | പ്രത്യേക അസംബ്ലി |
| 3 വ്യാഴം | – വായനാവാരാഘോഷം സമാപനം |
| 4 വെള്ളി | – ബഷീർദിനാചരണം |
| 9 ബുധൻ | – പ്രതിവാര എസ്.ആർ.ജി. യോഗം |
| 11 വ്യാഴം | – ലോകജനസംഖ്യാദിനം (സോഷ്യൽ ക്ലബ്ബ്) |
| 15 ചൊവ്വ | – മിഡ് ടേം പരീക്ഷാ ആരംഭം |
| 16 ബുധൻ | – സ്കൂൾ സുരക്ഷാദിനം |
| | മോക് ഡ്രിൽ |
| 21 തിങ്കൾ | – ചാന്ദ്രദിനം (സയൻസ് ക്ലബ്ബ്) |
| | പ്രത്യേക അസംബ്ലി |
| 22 ചൊവ്വ | – പൈ ഡേ (മാത്സ് ക്ലബ്ബ്) |
| | പ്രത്യേക അസംബ്ലി |
| 26 ശനി | – വാങ്മയം സ്കൂൾതല പരീക്ഷ |
| | എ.പി.ജെ. അബ്ദുൾ കലാം ഓർമ്മദിനം |
| 30 ബുധൻ | – സി.പി.ടി.എ യോഗം എല്ലാ ക്ലാസ്സുകളിലും |
| 31 വ്യാഴം | – പ്രേംചന്ദ് ദിനം (ഹിന്ദി ക്ലബ്ബ്) |
| | ഓണത്തിന് ഒരുകൊട്ട പൂവ്, ഒരുമുറം പച്ചക്കറി– വിത്തിടൽ |

### ആഗസ്ത് 25

| | |
|---|---|
| 1 വെള്ളി | – പഠനമികവുകൾ– അവലോകനം |
| | പടവ് – ശ്രദ്ധ – ക്ലാസ്സുകളുടെ ആരംഭം |
| 6 ബുധൻ | – ഹിരോഷിമ ദിനം (സോഷ്യൽ ക്ലബ്ബ്) |
| | പ്രത്യേക അസംബ്ലി |
| | പ്രതിവാര എസ്.ആർ.ജി. |
| 8 വെള്ളി | – ക്വിറ്റ് ഇന്ത്യ ദിനാചരണം |
| | നാഗസാക്കി ദിനം |
| 13 ബുധൻ | – ദേശഭക്തിഗാന മത്സരം (ക്ലാസ് തലം) |
| 14 വ്യാഴം | – സ്വാതന്ത്ര്യദിന ക്വിസ് മത്സരം (യു.പി, എച്ച്.എസ്.) |
| 15 വെള്ളി | – സ്വാതന്ത്ര്യദിനാഘോഷം |
| 16 ശനി | – സ്കൂൾതല ശാസ്ത്രമേള |
| 18 തിങ്കൾ | – കർഷകദിനാചരണം |
| 19 – 22 | – ഒന്നാംപാദവാർഷിക പരീക്ഷയ്ക്കുള്ള റിവിഷൻ പ്രവർത്തനങ്ങൾ |
| 20 ബുധൻ | – ശാസ്ത്ര സെമിനാർ, ഭാസ്കരാചാര്യ – സെമിനാർ |
| 21 വ്യാഴം | – ഒന്നാം പാദവാർഷിക പരീക്ഷാ ആരംഭം |
| 29 വെള്ളി | – ദേശീയ കായികദിനം |

### 2025 സെപ്തംബർ

| | |
|---|---|
| 2 ചൊവ്വ | – ഓണാഘോഷം |
| 3 – 9 | – ഓണാവധി |
| 11 വ്യാഴം | – പാദവാർഷിക മൂല്യനിർണ്ണയം – ഉത്തരകടലാസ് വിശകലനം |
| 15 തിങ്കൾ | – സി.പി.ടി.എ. മീറ്റിംഗ് (എല്ലാ ക്ലാസ്സും) |
| 16 ചൊവ്വ | – ഓസോൺ ദിനാചരണം (എസ്.എസ്. ക്ലബ്ബ്) |
| 17 ബുധൻ | – പ്രതിവാര എസ്.ആർ.ജി/സ്റ്റാഫ് കൗൺസിൽ |
| 18 വ്യാഴം | – ഹൗസ് രൂപീകരണം |
| 26 – 27 | – സ്കൂൾ കായികമേള |
| 29 തിങ്കൾ | – ലോകഹൃദയദിനം |

### 2025 ഒക്ടോബർ

| | |
|---|---|
| 2 വ്യാഴം | – ഗാന്ധിജയന്തി |
| 3 വെള്ളി | – വനം – വന്യജീവി സംരക്ഷണദിനം |
| | പ്രത്യേക അസംബ്ലി |
| 10 വെള്ളി | – ലോകതപാൽദിനം |
| 13 തിങ്കൾ | – പ്രതിവാര എസ്.ആർ.ജി. |
| 15 – 17 | – സ്കൂൾ കലോത്സവം |
| 16 വ്യാഴം | – ലോകഭക്ഷ്യദിനം |
| 23 വ്യാഴം | – സബ്ജില്ലാ ശാസ്ത്രമേള |
| 31 – വെള്ളി | – പഠന – വിനോദയാത്ര ആരംഭം |

### 2025 നവംബർ

| | |
|---|---|
| 1, 2 | – വിനോദയാത്ര |
| 5 ബുധൻ | – സെക്കന്റ് മിഡ് ടേം എക്സാമിനേഷൻ ആരംഭം |
| 7 വെള്ളി | – സ്കൗട്ട് & ഗൈഡ്സ് സ്ഥാപകദിനം |
| | സി.വി.രാമൻ ദിനം |
| 13 വ്യാഴം | – പ്രതിവാര എസ്.ആർ.ജി. |
| 14 വെള്ളി | – ശിശുദിനാഘോഷം |
| 17 തിങ്കൾ | – സബ്ജില്ല കലോത്സവം ആരംഭം |
| 26 ബുധൻ | – ദേശീയനിയമദിനം |
| 27 – 29 | – ജില്ലാ ശാസ്ത്രമേള |

### 2025 ഡിസംബർ

| | |
|---|---|
| 1 തിങ്കൾ | – ലോക എയ്ഡ്സ് ദിനം |
| 3 ബുധൻ | – പ്രതിവാര എസ്.ആർ.ജി, |
| | സ്റ്റാഫ് കൗൺസിൽ യോഗം |
| 5 വെള്ളി | – ലോക മണ്ണ്ദിനം |
| 10 ബുധൻ | – മനുഷ്യാവകാശ ദിനം (എസ്.എസ്.ക്ലബ്ബ്) |
| | പ്രത്യേക അസംബ്ലി |
| 15 തിങ്കൾ | – രണ്ടാംപാദവാർഷിക പരീക്ഷ ആരംഭം |
| 23 ചൊവ്വ | – ക്രിസ്തുമസ് ആഘോഷം |
| 24 ബുധൻ | – ക്രിസ്തുമസ് അവധി ആരംഭം |

### 2026 ജനുവരി

| | |
|---|---|
| 5 തിങ്കൾ | – അർദ്ധവാർഷിക പരീക്ഷ, ഉത്തരപേപ്പർ വിശകലനം |
| 6 ചൊവ്വ | – എസ്.ആർ.ജി, സ്റ്റാഫ് കൗൺസിൽ, ഫല വിശകലനം |
| 7 ബുധൻ | – സി.പി.ടി.എ. (എല്ലാ ക്ലാസ്സുകളും) |
| 8 വ്യാഴം | – എസ്.എസ്.എൽ.സി. റിവിഷൻ ക്യാമ്പ് ആരംഭം |
| 26 തിങ്കൾ | – റിപ്പബ്ലിക് ദിനം |
| 29 വ്യാഴം | – ഐ.ടി. മോഡൽ പരീക്ഷ ആരംഭം |

### 2026 ഫെബ്രുവരി

| | |
|---|---|
| 5 വ്യാഴം | – പ്രതിവാര, എസ്.ആർ.ജി, സ്റ്റാഫ് കൗൺസിൽ |
| 19 വ്യാഴം | – എസ്.എസ്.എൽ.സി. മോഡൽ പരീക്ഷ ആരംഭം |
| 21 ബുധൻ | – ലോക മാതൃഭാഷാദിനം യോഗം |
| 26 വ്യാഴം | – എസ്.എസ്.എൽ.സി, ഐ.ടി. പരീക്ഷ ആരംഭം |

### 2026 മാർച്ച്

| | |
|---|---|
| 2 തിങ്കൾ | – 6 മുതൽ 10 ക്ലാസ്സുകൾക്കുള്ള വാർഷിക പരീക്ഷകൾ ആരംഭം |

ശാസ്ത്രമേളകൾ, കായികമേളകൾ, കലോത്സവം, പൊതുപരീക്ഷകൾ എന്നിവയുടെ തിയ്യതികൾ കലണ്ടറിൽ സൂചിപ്പിച്ചത് പ്രതീക്ഷിതമാണ്. അവ സർക്കാർ വകുപ്പുതല നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കും.